# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5093 — 27.06.2019 ലെ മറുപടിയ്ക്ക്

**കരുനാഗപ്പള്ളി നഗരത്തിലെ ട്രാഫിക് പ്രശ്നങ്ങൾ**

| | ചോദ്യം<br>ശ്രീ.ആർ.രാമചന്ദ്രൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി നഗരത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രാഫിക് സിഗ്നൽ ലൈറ്റുകൾ പലപ്പോഴും ശരിയായ രീതിയിൽ പ്രവർത്തിക്കാത്തതും വൈകിട്ട് 6 മണിക്ക് പ്രവർത്തനം അവസാനിപ്പിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | കരുനാഗപ്പള്ളി നഗരത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രാഫിക് സിഗ്നൽ ലൈറ്റുകൾ മുൻപ് പലപ്പോഴും ശരിയായ രീതിയിൽ പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ കെൽട്രോൺ എന്ന ഏജൻസിയുമായി ബന്ധപ്പെട്ട് ആയത് പരിഹരിച്ചിട്ടുണ്ട്. നിലവിൽ രാവിലെ 6 മണി മുതൽ വൈകിട്ട് 6 മണി വരെ സമയം ക്രമീകരിച്ച് കെൽട്രോൺ സ്ഥാപിച്ചിട്ടുള്ള ട്രാഫിക് സിഗ്നൽ സംവിധാനം ശരിയായ രീതിയിൽ പ്രവർത്തിച്ച് വരുന്നു. |
| (ബി) | ഇവിടെ ദേശീയ പാതയുടെ ഓരങ്ങളിൽ അനധികൃതമായ വാഹന പാർക്കിംഗ് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (ബി) & (സി) | ദേശീയ പാതയുടെ ഓരങ്ങളിൽ അനധികൃതമായ വാഹന പാർക്കിംഗ് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഹൈവേ പോലീസ്, കൺട്രോൾ റൂം വെഹിക്കിൾ, പോലീസ് സ്റ്റേഷൻ മൊബൈൽ എന്നിവയുടെ പട്രോളിംഗിലൂടെയും, ഹോം ഗാർഡുമാരെയും, പോലീസ് ഉദ്യോഗസ്ഥൻമാരെയും ഡ്യൂട്ടിക്കായി നിയോഗിച്ചും, അനധികൃത പാർക്കിംഗിനെതിരെ ശക്തമായ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഇവിടെയുണ്ടാകുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ